**കെട്ടിട നിർമ്മാണത്തിൽ ചെലവ് കുറഞ്ഞ നൂതന സാങ്കേതിക വിദ്യ പ്രോത്സാഹിപ്പിക്കുന്നതിന് നടപടി**

144 (4497) ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീ. പി. തിലോത്തമൻ :
ശ്രീ. കെ. അജിത് :
ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെട്ടിട നിർമ്മാണത്തിൽ ചെലവ് കുറഞ്ഞ നൂതന സാങ്കേതിക വിദ്യ പ്രോത്സാഹിപ്പിക്കുന്നതിനും ആശയങ്ങൾ സ്വരൂപിക്കുന്നതിനുമായി പരിശീലന പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദമാക്കുമോ ;

(ബി) മണ്ണുകൊണ്ടുള്ള വീടുകൾ നിർമ്മിക്കാനും പ്രചരിപ്പിക്കാനും സംസ്ഥാന നിർമ്മിതി കേന്ദ്രം പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(സി) തൊഴിൽ രഹിതരായവർക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള എന്തെങ്കിലും പ്രവർത്തനങ്ങൾ സംസ്ഥാന നിർമ്മിതി കേന്ദ്രം മുഖേന നടത്തുന്നുണ്ടോ ; ഉണ്ടെങ്കിൽ അതിന്റെ കൂടുതൽ വിവരങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. പ്രശസ്ത വാസ്തു ശിൽപി യശ്ശശരീരനായ പത്മശ്രീ ലാറി ബേക്കറുടെ സ്മരണാർത്ഥം ആരംഭിച്ച ലാറി ബേക്കർ ഇന്റർനാഷണൽ സ്കൂൾ ഓഫ് ഹാബിറ്റാറ്റ് സ്റ്റഡീസ് എന്ന സ്ഥാപനത്തിലൂടെ യുവ എഞ്ചിനീയർമാർക്കും ആർക്കിടെക്ടുകൾക്കും ചെലവ് കുറഞ്ഞ സാങ്കേതിക വിദ്യയിൽ കൂടുതൽ അറിവു നൽകുന്നതിനും ഗവേഷണങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു.

(ബി) ഉണ്ട്. കെട്ടിട നിർമ്മിതിയിൽ മണലിന്റെ ദൗർലഭ്യം ഒരു പരിധിവരെ തരണം ചെയ്യാൻ മണ്ണ് കൊണ്ടുള്ള ഗൃഹ നിർമ്മിതിയുടെ പ്രചാരണം ആവശ്യമാണ്. ഇതിന്റെ ഭാഗമായി ഒരു മാതൃക സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ ആസ്ഥാന പരിസരത്ത് നിർമ്മിച്ചു വരുന്നു. ആയിരം Sq.ft.-നുള്ളിൽ രൂപകൽപ്പന ചെയ്ത മാതൃകാഭവനം ഒരു ഇടത്തരം കുടുംബത്തിനുവേണ്ട എല്ലാവിധ സജ്ജീകരണങ്ങളോടും കൂടിയാണ് രൂപകൽപ്പന ചെയ്തിരിക്കുന്നത്.

(സി) നടത്തുന്നുണ്ട്. സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ 14 റീജിയണൽ സെന്ററുകൾ വഴി തൊഴിൽരഹിതരായവർക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനുവേണ്ടി മേസണറി, കാർപ്പന്ററി, CEEF (Cost Effective & Environment Friendly) Building material production unit, പ്ലംബിംഗ്, ഇലക്ട്രിക്കൽ വയറിംഗ്, സസ്യപരിപാലനം മുതലായ വിഷയങ്ങളിൽ 2007 മുതൽ തൊഴിൽ പരിശീലനം നടത്തിവരുന്നു. 45 പ്രവൃത്തി ദിവസമാണ് പരിശീലന കാലാവധി.



LIBRARY ARCHIVES Kerala Legislative Assembly

നിർമ്മിതി ഇതുവരെ 150 പരിശീലനങ്ങളിലായി 2566 പേർക്ക് പരിശീലനം നൽകി. ഇതിൽ 160 പേർ വിവിധ ജയിലുകളിൽ നടത്തിയ പരിശീലനത്തിൽ ഉൾപ്പെട്ടവരാണ്. അതുകൂടാതെ പട്ടികജാതി വികസന വകുപ്പിന്റെ ധന സഹായത്തോടുകൂടി നടത്തിയ പരിശീലനങ്ങളിൽ 189 യുവതീയുവാക്കൾക്ക് കെട്ടിട നിർമ്മാണത്തിലും അനുബന്ധ മേഖലകളിലും പരിശീലനം നൽകിയിട്ടുണ്ട്.

**നിർമ്മിതി കേന്ദ്രങ്ങൾക്ക് കോമൺ ഗൈഡ്ലൈൻ**

145 (4498) ശ്രീ. എൻ. പ്രകാശൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ നിർമ്മിതി കേന്ദ്രങ്ങൾക്ക് ഒരു ജനറൽ ഗൈഡ് ലൈൻ ഉണ്ടാക്കുമെന്ന് ഭവനനിർമ്മാണ വകുപ്പുമന്ത്രി വിളിച്ചുചേർത്ത യോഗത്തിൽ തീരുമാനിച്ചിരുന്നുവോ ;

(ബി) ഈ തീരുമാനം നടപ്പാക്കുന്നതിന്റെ പുരോഗതി എന്താണെന്ന് വെളിപ്പെടുത്തുമോ ;

(സി) നിർമ്മിതി കേന്ദ്രങ്ങൾക്ക് കോമൺ ഗൈഡ്ലൈൻ എപ്പോഴാണ് നടപ്പാക്കുകയെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) തീരുമാനിച്ചിരുന്നു.

(ബി & സി) നിർമ്മിതി കേന്ദ്രങ്ങൾക്ക് വർക്ക് നൽകുമ്പോൾ പാലിക്കേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി ഒരു കോമൺ ഗൈഡ്ലൈൻ ഉണ്ടാക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്.

**നിർമ്മിതി കേന്ദ്രത്തിലെ കരാർ അടിസ്ഥാനത്തിലുള്ള നിയമനം**

146 (4499) ശ്രീ. പി. സി. ജോർജ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം എന്ന സ്ഥാപനം ലാഭത്തിലാണോ പ്രവർത്തിക്കുന്നത് എന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത സ്ഥാപനത്തിൽ എത്ര സ്ഥിരം ജീവനക്കാരുണ്ട് ;

(സി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത സ്ഥാപനത്തിൽ കരാർ വ്യവസ്ഥയിൽ ജീവനക്കാരെ നിയമിച്ചിരുന്നുവോ ; എങ്കിൽ എത്ര പേരെ ഇതുവരെ നിയമിച്ചു ;

LIBRARY ARCHIVES Kerala Legislative Assembly